പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 828

30/06/2015 -ൽ മറുപടിയ്ക്ക്

## മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശംബളം

ചോദ്യം

ഉത്തരം

ശ്രീ. സി. കൃഷ്ണൻ.

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ഏതെങ്കിലും വിഭാഗം ജീവനക്കാരുടെ ശംബളം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ വിവിധ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശംബളം സമയ ബന്ധിതമായി ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ബി) ക്ഷേത്ര ജീവനക്കാരുടെ ശംബളം, ശംബള കുടിശ്ശിക എന്നിവ സംബന്ധിച്ച പരാതികൾ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് രേഖാമൂലമോ ഫോൺ മുഖേനയോ അറിയിക്കാവുന്നതാണെന്ന് കാണിച്ച് 19/06/2014 -ൽ പത്രക്കുറിപ്പ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ പരാതികളിൽ നടപടികൾ സ്വീകരിക്കുന്നതിന് സ്പെഷ്യൽ ടീമിനെ തന്നെ നിയോഗിക്കുകയും സ്പെഷ്യൽ ടീം ആവശ്യമായ സന്ദർഭങ്ങളിൽ ക്ഷേത്രപരിശോധന നടത്തിയും കണക്കുകൾ പരിശോധിച്ചും അസിസ്റ്റന്റ് കമ്മീഷണർമാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയും 90% ലേറെ പരാതികളിൽ പരിഹാരം കാണുകയുണ്ടായിട്ടുണ്ട്. വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലേയും നിയമപരമായ പ്രശ്നങ്ങൾ ഉള്ള ക്ഷേത്രങ്ങളിലേയും വിഷയങ്ങൾ പ്രത്യേകം പരിശോധിച്ച് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ